**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1864** | **04-02-2026 - ൽ മറുപടിയ്ക്ക്**

**പൊതുഗതാഗതം ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | പൊതുഗതാഗതം ശക്തിപ്പെടുത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | **പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിന്റെയും ജനങ്ങൾക്ക് മികവുറ്റ യാത്രാ സൗകര്യങ്ങൾ ഉറപ്പുവരുത്തു ന്നതിന്റെയും ഭാഗമായി വിവിധ സർവീസുകളും പദ്ധതികളും ആരംഭിച്ചിട്ടുണ്ട്.**<br><br>**BS 6 കാറ്റഗറിയിലുള്ള എ.സി സ്ലീപ്പർ, എ.സി സീറ്റർ കം സ്ലീപ്പർ, എ.സി സീറ്റ 3, പ്രീമിയം സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ് പാസ ഞ്ചർ, ഫാസ്റ്റ് പാസഞ്ചർ-ലിങ്ക് ബസ്, മിനി ബസ് എന്നിവ ഉപയോഗിച്ച് ദീർഘദൂര-അന്തർസംസ്ഥാന റൂട്ടുകളിലും ജില്ല കളെ തമ്മിൽ ബന്ധിപ്പിച്ച സർവിസുകൾ അരംഭിച്ചിട്ടുണ്ട്**<br><br>**യാത്രക്കാർക്ക് മികവുറ്റ യാത്രാസൗകര്യം നൽകുന്നതിനായി പുഷ്ബാക്ക് റിക്ലൈനിങ് സീറ്റ് / ബെർത്ത്, മൊബൈൽ ചാർജിങ് പോയിന്റ്, വൈഫൈ സൌകര്യം, റീഡിങ് ലാമ്പുകൾ, ബോട്ടിൽ ഹോൾഡറുകൾ, മാഗസീൻപൌച്ച് മ്യൂസിക് സിസ്റ്റം, TV, CCTV ക്യാമറ, എയർ സസ്പെൻഷൻ,യാത്രക്കാരുടെ സുരക്ഷയെ മുൻ നിർത്തി ഡ്രൈവർ ഉറങ്ങുന്നുണ്ടോ എന്ന് അറിയുവാനായി അധിഷ്ഠിത ഡ്രൈവർ ഫറ്റീഗ് ഡിറ്റക്ഷൻ ക്യാമറ ആൻഡ് അലാം, ആധുനിക എ.സി. സീറ്റർ / സ്ലീ പ്പർ / സീറ്റർ കം സ്ലീപ്പർ ബസുകൾ ആണ് പുതുതായി നിരത്തിൽ ഇറക്കിയിട്ടുള്ളത്. ഇന്ത്യയിലെ State transport undertaking-കളിൽ ആദ്യമായി വോൾവോയുടെ ഏറ്റവും പുതിയ 9600 SLX SLEEPER ശ്രേണിയിലുള്ള ആധുനിക സകര്യങ്ങളോട്ട കൂടിയ AC SLEEPER ബസുകൾ കെ.എസ്.ആർ.ടി.സി നിരത്തിലിറക്കി.**<br><br>**2024-25 കാലയളവിൽ മേൽപ്പറഞ്ഞ വി വിധ ശ്രേണികളിൽ ഉള്ള ആധുനിക സൗകര്യങ്ങളോട്ടുകൂടിയ 540 ബസ്സുകൾ** |

വാങ്ങുവാനായി തീരുമാനിക്കുകയും ആയതിൽ 252 ബസ്സുകൾ (വിവിധ ശ്രേണിയിൽ ഉള്ളത്) ലഭ്യമാക്കി സർവിസുകൾ തുടങ്ങിയിട്ടുള്ളതുമാണ്.

ഓൺലൈൻ ടിക്കറ്റിംഗ്, ക്യാഷ്‌ലെസ് ടിക്കറ്റിംഗ്, സിംഗിൾ ഫെയർ ടിക്കറ്റിംഗ്, ലിങ്ക് ടിക്കറ്റിംഗ് സംവിധാനങ്ങൾ മികച്ച യാത്രാസൌകര്യവും ടിക്കറ്റിംഗിലെ ബുദ്ധിമുട്ടുകൾ ഒഴിവാക്കി സേവനം സുതാര്യവും എളപ്പവുമാക്കി മാറ്റി.

തമിഴ്നാട്ടുമായുള്ള 2019ലെ അന്തർസംസ്ഥാന കരാറിന്റെ അടിസ്ഥാനത്തിൽ കേരളത്തിന് അധിക സർവീസ് നട ത്തുവാൻ അവകാശമുണ്ടായിരുന്ന റൂട്ടുകളിൽ കൂടി പുതിയ അന്തർസംസ്ഥാന സർവീസുകൾ ആരംഭിക്കുകയും തമിഴ്നാട്ടിലെ തീർത്ഥാടന കേന്ദ്രങ്ങൾ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ എന്നിവയെ ബന്ധിപ്പിച്ച് ബസ് പാരിറ്റി വ്യവസ്ഥയിൽ ബഡ്ജറ്റ് ടൂർ പ്രോഗ്രാമുകൾ നടത്തി വരികയും ചെയ്യുന്നു

പുതിയതരം ബസ്സുകളുടെ ലോഞ്ചിംഗ്, പുതിയ സർവീസ് ക്ലാസ്സുകൾ ഉൾപ്പെടെയു ള്ള പദ്ധതികളും ജീവനക്കാരുടെ പങ്കാളിത്തത്തോടെ 'ട്രാൻസ്പോ' പോലെയുള്ള പരിപാടികൾ സംഘടിപ്പിച്ചതും ജീവനക്കാരിൽ പുത്തനുണർവും പൊതുജനങ്ങൾ കെ.എസ്.ആർ. ടി.സി.യിലേയ്ക്ക് ആകർഷിക്കപ്പെടുന്നതിനും വരുമാന വർദ്ധനവിനും കാരണമായി..

കെ.എസ്.ആർ.ടി.സി.യിൽ നിലവിൽ സർവ്വീസിന് ഉപയോഗിച്ചു വരുന്ന സൂപ്പർ ക്ലാസ്സ് (സൂപ്പർ ഡീലക്സ്, വോൾവോ തുടങ്ങിയവ) ശ്രേണിയിൽപ്പെട്ട ബസ്സുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ വിധ അറ്റകുറ്റ പണികളും നടത്തി റീ ഫർബിഷിംഗ് പൂർത്തീകരിച്ച് 27/01/2026-ൽ 125 ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്. കൂടാതെ ബഡ്ജറ്റ് ടൂറിസം സെല്ലിന്റെ ആവശ്യത്തിലേയ്ക്ക് 29 ബസ്സുകളും റീ ഫർബിഷിംഗ് വർക്കുകൾ പൂർത്തീകരിച്ച് നൽകിയിട്ടുണ്ട്. മറ്റ് ബസ്സുകളുടെ റീ ഫർബിഷിംഗ് വർക്കുകൾ പുരോഗതിയിലാണ്. മൂന്നാറിൽ വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നിലവിൽ സർവ്വീസിന് ഉപയോഗിച്ചുകൊണ്ടിരുന്ന രണ്ട് ഡബിൾ ഡക്കർ ബസുകൾ ബോഡി സ്ട്രച്ചറിൽ മാറ്റം വരുത്താതെ ഗ്ലാസ്സ് ഉപയോഗിച്ച് ആകർഷണീയമായ രീതിയിൽ പരിവർത്തനം നടത്തി മാർച്ച് 2025, ഡിസംബർ 2025 എന്നീ മാസങ്ങൾ മുതൽ വിജയകരമായി സർവ്വീസ് നടത്തി വരുന്നു

KSRTC യിൽ ടിക്കറ്റ് ഡിജിറ്റലൈസേഷ ന്റെ ഭാഗമായി ഐ.ടി വിഭാഗത്തിൽ ഏർപ്പെടുത്തിയ പുതിയ പരിഷ്കാരങ്ങൾ

0 ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിങ് സൊല്യൂഷൻ.

0 ഓൺലൈൻ സ്റ്റുഡന്റ് ക ൺസഷൻ സംവിധാനം

.

0 ഓൺലൈൻപാസഞ്ചർ റിസർവേഷൻ സിസ്റ്റംലൈവ് ടിക്കറ്റിംഗ്.

0 സ്മാർട്ട് ട്രാവൽ കാർഡ്

0 റെന്റൽ മാനേജ്മെന്റ് സിസ്റ്റം

0 കൊറിയർ ആൻഡ് ലോജിസ്റ്റിക്സ്

0 കസ്റ്റമർ കെയർ പോർട്ടൽ.

0 ഇന്ധന ക്ഷമത കണക്കാക്കുന്നതിനുള്ള പ്രോഗ്രാം

0 കെഎസ്ആർടിസി ഡ്രൈ വിംഗ് സ്കൂൾ മാനേജ്മെന്റ് സിസ്റ്റം.

0 Passenger Information System — PIS

0 മാലിന്യ സംസ്കരണ മാനേജ്മെന്റ് സോഫ്റ്റ്വെയർ

0 ഇന്റലിജന്റ് കമാൻഡ് & കൺട്രോൾ സെന്റർ (ICCC).

0 AI പവർഡ് ഷെഡ്യൂൾ മാനേജ്മെന്റ് സിസ്റ്റം

0 ഡിജിറ്റൽ ബസ് പരസ്യ പ്ലാറ്റ്ഫോം

11.12.2021 തിയതിയിലെ കേരള സർക്കാർ ഉത്തരവ് G.0. (Ms) No.58/2021/TRANS പ്രകാരം KIIFB ധനസഹായം നല്ലകുന്ന പുതിയ ബസുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനും, സംസ്ഥാന പ്ലാൻ സ്കീമുകൾക്ക് കീഴിലുള്ള ബസുകൾ,സംസ്ഥാന, കേന്ദ്ര സർക്കാരുകളുടെ മറ്റ് സ്കീമുകൾക്ക് കീഴിൽ ലഭിച്ച ബസുകൾ, തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾക്ക് വേണ്ടി KSRTC-SWIFT എന്ന കമ്പനി രൂപികരിച്ചു.

യാത്രക്കാർക്ക് മികവുറ്റ യാത്രാ സകര്യം നൽകുന്നതിനായി ആധുനിക സൗകര്യങ്ങൾ ആയ പുഷ്ബാക്ക് റിക്ലൈനിങ് സീറ്റ്/ ബെർത്ത്, മൊബൈൽ ചാർജറിങ്ങ് പോയിന്റ്, വൈഫൈ സകര്യം, റീഡിങ് ലാമ്പുകൾ, ബോട്ടിൽ ഹോളൾഡറു കൾ, മാഗസിൻപാച്ച്, മ്യൂസിക് സിസ്റ്റം, TV, CC TV

ക്യാമറ, യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി ഡ്രൈവർ ഫാറ്റീഗ് ഡിറ്റക്ഷൻ ക്യാമറ ആൻഡ് അലാം, എയർ സസ്പെൻഷൻ, തുടങ്ങിയ സകര്യങ്ങളോട് കൂടിയ എ. സി. സീ 98 / സ്ലീപ്പർ / സീറ്റർ കം സ്ലീപ്പർ ബസുകൾ ആണ് പുതുതായി നിരത്തിൽ ഇറ ക്കിയിട്ടുള്ളത്.

ജലഗതാഗത വകുപ്പ്

സംസ്ഥാന ജലഗതാഗത വകുപ്പ് ജല ഗതാഗതം മെച്ചപ്പെടുത്തുവാൻ തടി ബോട്ടുകൾക്ക് പുറമെ ആധുനിക സൗകര്യങ്ങളോടു കൂടിയ സ്റ്റീൽ/ഫൈബർ കറ്റമറൈൻ ബോട്ടുകൾ ഉപയോഗിച്ച് സർവിസുകൾ നടത്തി വരുന്നു. ജലഗതാഗതത്തിനു പ്രാധാന്യം നൽകികൊണ്ട് വകുപ്പ് വിവിധതരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കി. ജലഗതാഗതസംവിധാനം കാര്യക്ഷമം ആക്കുന്നതിനു വേണ്ടി പാസഞ്ചർ സർവീസുകൾക്ക് പുറമെ പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വിസുകളും, റെസ്ക്യൂ ആന്റ് ഡൈവ് ബോട്ടുകൾ ഉപയോഗിച്ച് ആംബുലൻസ് സർവ്വിസുകളും, വാട്ടർ ടാക്സികൾ ഉപയോഗിച്ച് ടാക്സിസർവ്വിസുകളും നടത്തുന്നുണ്ട്. ഇന്ത്യയില പ്രഥമ സംരംഭമായ സോളാർ ബോട്ട് ആദിത്യയുടെ പ്രവർത്തനം വിജയമായതിനെ തുടർന്ന് കൂടുതൽ സോളാറിലേയ്ക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചു. ടി സോളാർ ബോട്ടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. കാലപ്പഴക്കം ചെന്ന ബോട്ടുകൾ സർവിസിൽ നിന്നും പിൻവലിക്കുന്നതിനും പൊതു ഗതാഗത രംഗത്ത് കൂടുതൽ സുരക്ഷ ഉറപ്പു വരുത്തുന്നതിനുമായി എറണാകുളം മേഖലയിൽ അനുവദിച്ച ആധുനിക സൗകര്യങ്ങളോടുകൂടിയ 100പാസഞ്ചർ കപ്പാസിറ്റിയുള്ള 7 ബോട്ടുകളിൽ 6 ബോട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ച സർവിസ് നടത്തി വരുന്നു. കൂടാതെ 75 പാസഞ്ചർ കപ്പാസിറ്റിയുള്ള 2 ബോട്ടുകളുടെ കൂടി നിർമ്മാണം പൂർത്തീകരിച്ച സർവിസിനായി ഉപയോഗിക്കുന്നു. റോഡ് ഗതാഗത ത്തിൽ ടാക്സി സംവിധാനങ്ങൾ ഉണ്ടെങ്കിലും ജലഗതാഗതത്തിൽ ഇത്തരം സർവ്വീസുകൾ ഇല്ലാത്തതിനാൽ പൊതുജന ങ്ങൾക്ക് കൂടുതൽ പ്രയോജനപ്പെടുന്ന രീതിയിൽ ഇന്ത്യയിലെ തന്നെ ആദ്യ സംരംഭമെന്ന നിലയിൽ 4 വാട്ടർ ടാക്സി നിർമ്മാണം ആരംഭിക്കുകയും, ഇവയിൽ 3 ബോട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു സർവിസിൽ ഉൾപ്പെടുത്തുകയും ചെയ്തു. 5 റെസ്ക്യൂ ആന്റ് ഡൈവ് ബോട്ടുകൾ ഉപയോഗിച്ച് ആംബുലൻസ് സർവ്വീസുകളും നടത്തുന്നു. ഉൾനാടൻ ജലഗതാഗത മേഖലയിൽ വലിയ ബോട്ടുകൾക്ക് എത്തിച്ചേരാൻ

കഴിയാത്ത സ്ഥലങ്ങളിൽ വെള്ളപ്പൊക്ക സമയത്തുൾപ്പടെ രക്ഷാപ്രവർത്തനത്തിന് ഉതകുന്ന തരത്തിൽ 10 പാസഞ്ചർ കപ്പാസിറ്റിയുള്ള 5 ഡിങ്കി ബോട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ടൂറിസം സാധ്യതകൾക്ക് പ്രാധാന്യം നൽകി ആധുനിക സകര്യങ്ങളോടു കൂടിയ 20 പേർക്ക് യാത്രചെയ്യാവുന്ന സോളാർ ഇലക്ട്രിക്ക് എ സി ബോട്ടുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീക രിക്കുന്നുണ്ട്.കൂടാതെ 10 പാസഞ്ചർ കപ്പാസിറ്റിയുള്ള വാട്ടർ ടാക്സി(1എണ്ണം), 120 പാസഞ്ചർ കപ്പാസിറ്റിയുള്ള 40AC+80 NON AC) പാസഞ്ചർ കം ടൂറിസ്റ്റ് ബോട്ട് 2എണ്ണം) എന്നിവയുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. ജലഗതാഗത മേഖലയിൽ ബഡ്ജറ്റ് ടൂറിസം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പാസഞ്ചർ കം ടൂറിസം സർവീസുകളും വകുപ്പ് നല്ല രീതിയിൽ നടത്തി വരുന്നു. പാതിരാമണൽ കേന്ദ്രീകരിച്ച് "കുട്ടനാട് സഫാരി "എന്ന പേരിൽ ഒരു ടൂറിസം സർവീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ ധ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു . വകുപ്പിന് കീഴിൽ കൊല്ലം, ആലപ്പുഴ എന്നിവിടങ്ങളിൽ നടപ്പിലാക്കിയ മാതൃകയിൽ ബോട്ട് യാത്ര ടൂറിസം പദ്ധതി മറ്റ സ്ഥലങ്ങളിൽ കൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

മോട്ടോർ വാഹന വകുപ്പ്

പൊതുഗതാഗതം കൂടുതൽ സുരക്ഷിതവും നിയന്ത്രിതവും യാത്രക്കാർക്ക് സൗഹൃദവുമാക്കാൻ ലക്ഷ്യമിട്ട് നിരവധി നിയന്ത്രണ -നയ നടപടികൾ നടപ്പാക്കി വരുന്നു. സംസ്ഥാനത്ത് സർവീസ് നടത്തുന്ന സ്റ്റേജ് കാരേജ് ബസുകളിൽ CCTV ക്യാമറകൾ നിർബന്ധമാക്കിയിട്ടുണ്ട്. ഇത് സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷ വർദ്ധിപ്പിക്കുകയും കുറ്റകൃത്യങ്ങൾ തടയാനും തെളിവ് ലഭ്യമാക്കാനും സഹായിക്കുന്നു. ഉൾ നാടൻ ഗ്രാമങ്ങളിലെ പൊതുഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിനായി അതാത് സ്ഥലങ്ങളിലെ ജനപ്രതിനിധികൾ, RESIDENTIAL അസോസിയേഷൻ അംഗങ്ങൾ എന്നിവരുമായി ചേർന്ന് കേരളത്തിലാകമാനം 503 ബസ്സുകൾ ഓടാത്ത റൂട്ടുകൾ കണ്ടെത്തുകയും അവയിലേക്ക് പുതിയ പെർമിറ്റ് അപേക്ഷ സ്വീകരിച്ച പെർമിറ്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പരിസ്ഥിതി സഹൃദ ഗതാഗതം പ്രോത്സാഹിപ്പിക്കാൻ പുതുതായി നിരത്തിലിറക്കുന്ന 1000 ഇലക്ട്രിക് ഓട്ടോറിക്ഷ കൾക്ക് സർക്കാർ സബ്സിഡി അനുവദിച്ച് മലിനീകരണവും ശബ്ദവും കാക്കുന്ന നയം

| | | | |
|---|---|---|---|
| | | | **സ്വീകരിച്ചിട്ടുണ്ട്. എറണാകുളം പോലുള്ള നഗരങ്ങളിൽ പൊതുഗതാഗത സൗകര്യം വർദ്ധിപ്പിക്കു ന്നതിനായി Last mile connectivity നടപ്പിലാക്കിയിട്ടുണ്ട്. യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ബസ് ഡ്രൈവർമാർ, കണ്ടക്ടർമാർ എന്നിവർക്കായി Police Clearance Certificate (500) നിർബന്ധമാക്കി, ക്രിമിനൽ പശ്ചാത്തലം ഇല്ലെന്ന ഉറപ്പ് നൽകുന്ന സംവിധാനം ശക്തിപ്പെടുത്തി കൂടാതെ, ആപ്പ് അധിഷ്ഠിത ടാക്സി /ഓട്ടോസേവനങ്ങളെ നിയന്ത്രിക്കാൻ Aggregator Vehicle Policy നടപ്പാക്കി. നിരക്ക് നിയന്ത്രണം, ഡ്രൈവർ യോഗ്യത, വാഹന സുരക്ഷ മാനദണ്ഡങ്ങൾ, പരാതി പരിഹാര സംവിധാനം എന്നിവ നിർബന്ധമാക്കുന്നതിലൂടെ യാത്രക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുകയും അനിയന്ത്രിത പ്രവർത്തനം തടയുകയും ചെയ്യുന്നു. ഈ നടപടികൾ എല്ലാം ചേർന്ന് കേരളത്തിൽ പൊതുഗതാഗതത്തെ സുരക്ഷിതം, പരിസ്ഥിതി സൗഹൃദം, നിയമാനുസൃതം എന്ന നിലയിലേക്ക് ഉയർത്തുകയാണ് MVD യുടെ ലക്ഷ്യം** |
| (ബി) | കെ.എസ്.ആർ.ടി.സി. യെ ലാഭകരമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | (ബി) | **കെ.എസ്.ആർ.ടി.സി. യെ ലാഭകരമാക്കുന്നതിനായി കോർപ്പറേഷനിൽ നഷ്ടത്തിലുണ്ടായിരുന്ന റൂട്ടുകളും ട്രിപ്പുകളും പരിശോധിച്ച് പുനക്രമീകരിച്ച് കിലോമീറ്റർ ഓപ്പറേഷന് ആനുപാതികമായി വരുമാനം ലഭ്യമാകത്തക്കവിധം ഡെഡ് ട്രിപ്പുകൾ പൂർണ്ണമായും ഒഴിവാക്കുകയോ, ജനോപകാരപ്രദമായി പുനക്രമീകരിക്കുകയോ, സ്റ്റേ സർവിസുകൾ ആക്കി മാറ്റുകയോ, യൂണിറ്റ് മാറ്റി ഓപ്പറേറ്റ് ചെയ്യുകയോ ചെയ്ത് ചെലവ് ചുരുക്കുന്നതിന് നടപടികൾ സ്വീകരിച്ചു. സാമൂഹിക പ്രതിബദ്ധതയുടെ പേരിൽ ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകളെ ഇത്തരം ക്രമീകരണങ്ങളിൽ നിന്നും പൂർ ണ്ണമായും ഒഴിവാക്കി നിലനിർത്തിയിട്ടുണ്ട്. ഇത്തരം ക്രമീകരണത്തിലൂടെ പൊതുജനങ്ങൾക്ക് ഉപകാരമല്ലാത്തതും വരുമാന ലഭ്യത ഇല്ലാത്തതുമായ ഡെഡ് കിലോമി റ്റർ ഓപ്പറേഷൻ കുറയ്ക്കുന്നതിനും അതിന് പകരം വരുമാന ലഭ്യതയുള്ളതും ജനോപകാരപ്രദവുമായ റൂട്ടുകളിൽ ഓപ്പറേറ്റ് ചെയ്ത് വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചു.**<br><br>**കെ.എസ്.ആർ.ടി.സിയിലെ സെൻട്രൽ വർക്ക്ഷോപ്പിൽ ശീതീകരണ സംവിധാനം അടക്കം ഏർപ്പെടുത്തിയും, സെ ൻട്രൽ / റീജിയണൽ വർക്ക്ഷോപ്പുകളി ൽ മതിയായ ജീവനക്കാരെ പുനർവിന്യസിച്ചും പ്രധാന അഗ്രിഗേറ്റ്സുകളായ എ ഞ്ചിൻ, ഗിയർ ബോക്സ് എന്നിവയുടെ പ്രതിമാസ പ്രൊഡക്ഷൻ യഥാക്രമം ശരാശരി 117, 275 ആയി വർദ്ധിപ്പിച്ച് നിലവിലെ ആവശ്യകത )** |

നിറവേറ്റുന്നതിന് സാധിക്കുന്നുണ്ട്. തൽഫലമായി ഓഫ്റോഡ് ബസ്സുകളുടെ എണ്ണം ശരാശരി 500- നും 550-നും ഇടയിൽ നിലനിർത്തുന്നതിനും സാധിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.യിൽ നിലവിൽ സർവ്വീസിന് ഉപയോഗിച്ചു വരുന്ന സൂപ്പ ർ ക്ലാസ്സ് (സൂപ്പർ ഡീലക്സ്, വോൾവോ തുടങ്ങിയവ) ശ്രേണിയിൽപ്പെട്ട ബസ്സുകൾ എല്ലാ വിധ അറ്റകുറ്റപണികളും നടത്തി റീ ഫർബിഷിംഗ് പൂർത്തീകരിച്ച് 27/0120 26-ൽ 125 ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്.

കൂടാതെ ബഡ്ജറ്റ് ടൂറിസം സെല്ലിന്റെ ആവശ്യത്തിലേയ്ക്ക് 29 ബസ്സുകളും റീ ഫർബിഷിംഗ് വർക്കുകൾ പൂർത്തീകരിച്ച് നൽകിയിട്ടുണ്ട്. മറ്റ് ബസ്സുകളുടെ റീ ഫർബിഷിംഗ് വർക്കുകൾ പുരോഗതിയിലാണ്

കൂടാതെ ചുവടെപ്പറയുന്ന നടപടികളും സ്വീകരിച്ചിട്ടുണ്ട്.

1.ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിങ് സൊല്യൂഷൻ:

2.ഓൺലൈൻ സ്റ്റുഡന്റ് കൺസഷൻ സംവിധാനം .

3.ഓൺലൈൻപാസഞ്ചർ റിസർവേഷൻസിസ്റ്റം & ലൈവ് ടിക്കറ്റിംഗ്.

4.സ്മാർട്ട് ട്രാവൽ കാർഡ്:

5.റെന്റൽ മാനേജ്മെന്റ് സിസ്റ്റം:

6.സിസിടിവിയും ബ്ലിങ്കർ ലൈറ്റ് നടപ്പാക്കലും

7.കൊറിയർ ആൻഡ് ലോജിസ്റ്റിക്:

8.സമ്പൂർണ്ണ കമ്പ്യൂട്ടർ വൽക്കരണം (എം .എൽ.എ ഫണ്ട്-ഉപയോഗിച്ച്. )

9.കസ്റ്റമർ കെയർ പോർട്ടൽ

10.ഇന്ധനക്ഷമത കണക്കാക്കുന്നതിനുള്ള പ്രോഗ്രാം

11.ഇൻവെന്ററി മാനേജ്മെന്റ് സിസ്റ്റം

12.ടോൾ മാനേജ്മെന്റ് സോഫ്റ്റ്വെയർ:

13.കെഎസ്ആർടിസി ഡ്രൈവിംഗ് സ്കൂൾ മാനേജ്മെൻറ് സിസ്റ്റം.

14.Passenger Information System — PIS

15. ഇന്റലിജന്റ് കമാൻഡ് & കൺട്രോൾ സെന്റർ (ICCC)

**16.21-പവർഡ് ഷെഡ്യൂൾ മാനേജ്മെന്റ് സിസ്റ്റം**

**17. ഡിജിറ്റൽ ബസ് പരസ്യ പ്ലാറ്റ്ഫോം**

**18. Integrated Expense & Revenue Management System (IERMS)**

**2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും, ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരുകയും ചെ യ്യുന്നു. കുറഞ്ഞ ചിലവിൽ വിനോദ സഞ്ചാരം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.ആർ.ടി.സി ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തി വരുകയാണ്. ദീർഘദൂര യാത്രക്കാർക്ക് നിലവാരമുള്ള ഡൈനിംഗ് നൽകുന്നതിനായി Wayside ഹോട്ടലുകൾ, Pre Ordered Meals, Digital Cloak Rooms, പ്രധാന ബസ് സ്റ്റേഷനുകളിൽ യാത്രാക്കാർക്കായി VIVO യുടെ സഹകരണത്തോടെ ശീതീകരിച്ച കാത്തിരിപ്പ് കേന്ദ്രം, തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. ബസ് സ്റ്റേഷനുകളിലെ പൊതു ടോയ് ലറ്റുകൾ, സുലഭ് ഇന്റർനാഷണലിന് കൈമാറി വൃത്തിയുള്ള ശൗചാലയങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ട്.**

**ദിർഘദൂര യാത്രക്കാർക്കുള്ള ഭക്ഷണ സൗകര്യം**

**ദീർഘദൂര യാത്രക്കാർക്ക് നിലവാരമുള്ള ഭക്ഷണം നൽകുന്നതിനായി Wayside ഹോട്ടലുകൾ, സംസ്ഥാനത്ത് പൊതുഗതാഗത സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ ആകർഷകമാക്കുന്നതിനും കെ.എസ്.ആർ.ടി.സി. ദീർഘദൂരയാത്രാക്കാർക്ക് നിലവാരമുള്ള ഭക്ഷണം നൽകുന്നതിന് നിലവിൽ 51-ഓളം wayside ഹോട്ടലുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത wayside ഹോട്ടലുകളിൽ പരിശോധന നടത്തുന്നതിനായ രൂപം കൊടുത്ത കമ്മിറ്റി കൃത്യമായ ഇടവേളകളിൽ ടി ഹോട്ടലുകൾ സന്ദർശിക്കുകയും ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. പൊതുഗതാഗത സംവിധാനം കൂടുതൽ ജനോപകാരപ്രദമാക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യുടെ നൂതനപദ്ധതിയായ തിരഞ്ഞെടുക്കപ്പെട്ട ബസ് സ്റ്റേഷനുകളിൽ ഫുഡ് സ്റ്റാളും, ബസ്സുകളിലും ബസ്സ്റ്റേഷനുകളിലും മുൻകൂട്ടി ഓർഡർ ചെയ്ത ഭക്ഷണവും (Pre Ordered Meals) വിതരണം ചെയ്യുന്നതിനുമായി ടെണ്ടർ നടത്തി ലൈസെൻസിയെ കണ്ടെത്തുകയും തിരുവനന്തപുരം സെൻട്രൽ, എറണാകുളം, കൊട്ടാരക്കര, കോട്ടയം, കൊല്ലം, കാസറഗോഡ്, ക ണ്ണൂർ, ആലപ്പുഴ, ആലുവ**

എന്നീ ഡിപ്പോകളിൽ നടത്തുന്നതിന് ഉത്തരവ് കൈമാറുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.യിൽ വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലായി 151 കടമുറികൾ ഒഴിഞ്ഞു കാലങ്ങളായി സ്ഥിരമായി ഒഴിഞ്ഞു കിടന്നതിൽ വിവിധങ്ങളായ നടപടികളിലൂടെ 101 ടെണ്ടർ കടമുറികൾ ചെയ്തു ലൈസൻസികൾക്ക് നൽകുകയും ബാക്കിയുള്ളവ നൽകുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു . ഇത് പ്രതിമാസ ടിക്കറ്റിതര വരുമാനത്തിൽ വലിയ വർദ്ധനവിന് കാരണമാകുന്നുണ്ട്.

ടിക്കറ്റ് ഇതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സിയുടെ വിവിധ യൂണിറ്റുകളിൽ ഉപയോഗ രഹിതമായി കിടക്കുന്ന സ്ഥലങ്ങൾ വാണിജ്യ ആവശ്യത്തിനായി ഉപയോഗിച്ച് വലിയ രീതിയിൽ വരുമാനം ഉണ്ടാക്കുന്നതിനായി BOT അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സ്, അമ്യൂസ്മെന്റ് പാർക്ക്, റിസോർട്ട് എന്നിവ നിർമ്മിക്കുന്നതിനായി ടെൻഡർ അടക്കമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനു കളുടെ സൗന്ദര്യവൽക്കരണം എന്ന ലക്ഷ്യത്തോടെ ഡിപ്പോകളുടെ ബ്രാൻഡിംഗ് നടത്തി വരുന്നു. പുനലൂർ, നെടുമങ്ങാട്, വിഴിഞ്ഞം , കാട്ടാക്കട എന്നിവിടങ്ങളിൽ ആയത് പൂർത്തികരിച്ചു . കൂടുതൽ ബസ് സ്റ്റേഷനുകൾ ബ്രാൻഡിംഗ് നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയാണ്. മൂന്നാർ ഡിപ്പോയിൽ ടിക്കറ്റിതര വരുമാന വർദ്ധനവിന്റെ ഭാഗമായി പൊതുജ നങ്ങൾക്കായി ഫുഡ് ഹബ് പ്രവർത്തിപ്പിക്കുന്നതിന് ടെണ്ടർ ക്ഷണിച്ച് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി. സി. കൊറിയർ/ പാഴ്സൽ സർവിസ് വിപുലീകരിച്ചതിലൂടെ പരമാവധി 16 മണിക്കൂറിനകം കേരളത്തിനുള്ളിൽ എവിടെയും പാഴ്സൽ എത്തിക്കുന്ന തരത്തിൽ വരുമാനം മെച്ചപ്പെട്ട രീതിയിൽ വർദ്ധിച്ച വരുന്നു.

സുൽത്താൻ ബത്തേരി, വിതുര എന്നീ കെ.എസ്.ആർ.ടി.സി സ്ഥലങ്ങളിൽ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷൻ പദ്ധതി നട പ്പിലാക്കുന്നതിനായി പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി. സി.യുടെ മാത്രം ഉപയോഗത്തിനായി സ്ഥാപിച്ചിട്ടുള്ള കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്ക് കൂടി പ്രയോജനപ്പെടുന്ന രീതിയിൽ യാത്രാഫ്യൂവൽ റീട്ടെയിൽ ഔട്ട്ലെറ്റുകളും

| | | | |
|---|---|---|---|
| | | | **കൂടാതെ, ല്യൂബ് ഷോപ്പുകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും തയ്യാറാക്കുകയും ഇതിനകം 15 യാത്രാഫ്യുവൽ റീട്ടെയിൽ ഔട്ട്‌ലെറ്റുകളും രണ്ട് ല്യൂബ് ഷോപ്പുകളും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ യാത്രാഫ്യുവൽ ഔട്ട്‌ലെറ്റുകളും Polution Testing Centre കളും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്ത് കെ.എസ്. ആർ.ടി.സിയുടെ വിവിധ ഡിപ്പോകളിലായി 21 ഡ്രൈവിംഗ് സ്കൂളുകൾ പ്രവർത്തനം ആരംഭിക്കുകയും 10 ഡ്രൈവിംഗ് സ്കൂളുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുകയുമാണ്** |
| (സി) | നിലവിൽ പ്രതിദിനം എത്ര കോടി രൂപയാണ് വരുമാനമായി ലഭിക്കുന്നത്; വിശദാംശം നൽകാമോ? | (സി) | **കെ.എസ്.ആർ.ടി.സി**<br><br>**ഡിസംബർ 2025 മാസത്തെ കണക്ക് പ്രകാരം ശരാശരി 8,34,10,025/- രൂപയാണ് കെഎസ്ആർടിസിക്ക് പ്രതിദിനം വരുമാനമായി ലഭിച്ചത്.**<br><br>**ജലഗതാഗത വകുപ്പ്**<br><br>പ്രതിദിനം ഏകദേശം 4,25,000/-(നാല് ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപാ മാത്രം) രൂപ വകുപ്പിന് വരുമാനമായി ലഭിക്കുന്നുണ്ട് . |

സെക്ഷൻ ഓഫീസർ